പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :636 — 29. 10. 2019 ൽ മറുപടിക്ക്

## സാലറി ചലഞ്ചിലൂടെ വൈദ്യുതി ബോർഡ് പിരിച്ചെടുത്ത തുക

ചോദ്യം

ശ്രീ.പി.കെ.ബഷീർ

ശ്രീ. കെ.എം.ഷാജി

ശ്രീ. ടി.വി. എബ്രാഹിം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ശ്രീ.എം.എം. മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരിതാശ്വാസത്തിന് ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും സാലറി ചലഞ്ചിലൂടെ വൈദ്യുതിബോർഡ് പിരിച്ചെടുത്ത തുക സർക്കാരിന് കൈമാറുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ടോ; | (എ) പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഒരു മാസത്തെ ശമ്പളം/പെൻഷൻ പത്ത് തവണകളായി പിരിച്ചെടുക്കുന്നതിനും അങ്ങനെ പിരിച്ച തുക ഒറ്റ തുകയായി ദുരിതാശ്വാസനിധിയിലേക്ക് കൈമാറാനും ആണ് തീരുമാനിച്ചിരുന്നത്. 30/06/2019 - വരെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരിൽ നിന്നും 124.73 കോടി രൂപയും പെൻഷൻകാരിൽ നിന്നും 20.53 കോടി രൂപയും സാലറി ചലഞ്ചിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് സമാഹരിച്ചു. ഇതിൽ 12.80 കോടി രൂപ 21/08/2018 - ലും 132.46 കോടി രൂപ 19/08/2019 - ലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) എങ്കിൽ ഇതിന് കാരണക്കാരായവരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ